ഔഷധ ബാങ്കുകൾ

* 507 [542] ശ്രീ. വട്ടിയൂർക്കാവ് രവി:

,, എസ്. തങ്കപ്പൻപിള്ള:

,, ആർ. സുന്ദരേശൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ആശുപത്രികളോടു ചേർന്നു ഔഷധബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളോട് അനുബന്ധിച്ചാണ് ഔഷധബാങ്കുകൾ പ്രവർത്തിക്കുന്നത്;

(സി) ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാം?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ & ബി) കേരളഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, പാലക്കാട് എന്നീ ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ഇപ്പോൾ ഔഷധബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഔഷധങ്ങൾ ലഭ്യമാക്കുക, എന്നതാണ് പ്രധാന ഉദ്ദേശ്യം.

ശ്രീ. വട്ടിയൂർക്കാവ് രവി: ഇപ്പോൾ മൂന്ന് സ്ഥലത്താണ് ഔഷധ ബാങ്ക് തുടങ്ങിയിരിക്കുന്നതെന്ന് പറഞ്ഞു. എല്ലാ ഗവൺമെന്റ് ആശുപത്രികളോടും അനുബന്ധിച്ച് ഫ്രീ ഔഷധ ബാങ്ക് തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ: അതിനുള്ള നടപടി എത്രയും വേഗം നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ഇപ്പോൾ മൂന്ന് ഡിസ്ട്രിക്ട് ആശുപത്രികളിലും നാലാമത് തിരുവനന്തപുരത്ത് മെഡിക്കൽകോളേജ് ആശുപത്രിയിലും പ്രവർത്തിക്കുന്നുണ്ടെന്നാണ് പറഞ്ഞത്. ഇനി എല്ലാ ഡിസ്ട്രിക്ട് ആശുപത്രിയിലും അടിയന്തിരമായി ഇത് സ്ഥാപിക്കുന്നതിനുവേണ്ടി ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. ഇത്തവണ ഒരു ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നു. വേണ്ടത്ര ധനം ഇല്ലാത്തതുകൊണ്ട് തുടങ്ങാൻ കഴിഞ്ഞില്ല. അടുത്തവർഷം എല്ലാ ജില്ലാ ആശുപത്രികളിലും തുടങ്ങണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വട്ടിയൂർക്കാവ് രവി: ഡിസ്ട്രിക്ട് ആശുപത്രിയോടു അനുബന്ധിച്ച് ഔഷധബാങ്ക് തുറക്കാൻ തീരുമാനിച്ചിരിക്കുന്നത് പാവപ്പെട്ട രോഗികൾക്കു സൗജന്യമായി മരുന്ന് കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. പാവപ്പെട്ട രോഗികൾക്ക് മരുന്ന് കിട്ടുന്നില്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഔഷധ ബാങ്കിൽ വരുന്ന ഫ്രീമരുന്നുതന്നെ മറ്റുപല രീതിയിലും ചോർന്നു പോകുന്നുണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അങ്ങനെ വരാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: ചോർന്നുപോകുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. പാവങ്ങൾക്ക് മരുന്നുകൊടുക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി. അതേയവസരത്തിൽ പൈസ ഇള്ള ആളുകൾക്കും ചില പ്രത്യേക മരുന്ന് അപ്പോൾ ആശുപത്രിയിലോ പുറത്തോ കിട്ടാത്ത സമയത്ത് ഇവിടെ സ്റ്റോക്ക് ഉണ്ടെങ്കിൽ കൊടുക്കാറുണ്ട്. വീണ്ടും ഇവിടെ എൽപ്പിക്കണമെന്നുള്ള വ്യവസ്ഥയിലാണ് കൊടുക്കുന്നത്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: എല്ലാ ഡിസ്ട്രിക്ട് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയോടും ചേർന്ന് ഔഷധബാങ്ക് നടപ്പാക്കണമെന്ന് ഗവൺമെൻറ് തീരുമാനമുണ്ടെങ്കിലും ചില ജില്ലകളിലെ അത് ഏർപ്പെടുത്തിയിട്ടുള്ളുവെന്ന് മന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽക്കൂടി ഔഷധബാങ്ക് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഇതിന്റെ സാദ്ധ്യത അനുസരിച്ച് താലൂക്ക് ആശുപത്രിയിലും ആകാം. ആദ്യമായി ജില്ലാ ആശുപത്രികളിൽ തുടങ്ങാനാണ് ശ്രമിക്കുന്നത്. സർവ്വീസ് സംഘടനകളും മുമ്പോട്ടു വരികയാണെങ്കിൽ തുടങ്ങാൻ കഴിയും. നെടുമങ്ങാട് അടുത്തവർഷം ആരംഭിക്കാൻപോകുന്നു.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ചെങ്ങന്നൂർ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ഔഷധബാങ്കിന്റെ ആവശ്യമുണ്ടെന്ന് പരിഗണിച്ച് മെമ്മോറാണ്ടം തരികയും ഉടൻതന്നെ ആരംഭിക്കാമെന്ന് ഗവൺമെൻറ് മറുപടി നൽകുകയുമുണ്ടായി. എത്രയുംവേഗം ചെങ്ങന്നൂർ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ഔഷധബാങ്ക് ഏർപ്പെടുത്തുന്നതിനുവേണ്ടി ശ്രമിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ചെങ്ങന്നൂർ ആശുപത്രിയുടെ പ്രത്യേകതയെ അപേക്ഷയെസംബന്ധിച്ചവിവരം ഇപ്പോൾ എന്റെ കയ്യിലില്ല. ഇപ്പോൾ തുടങ്ങിയിട്ടുള്ള ബാങ്കുകൾ സന്നദ്ധസംഘടനകൾ മരുന്ന് സംഭരിച്ച് കൊടുക്കുന്നതിനുള്ള സംവിധാനമാണ്. ഇതുപോലുള്ള സന്നദ്ധസംഘടനകൾ താലൂക്ക് ആശുപത്രികളിലും തയ്യാറായി മുന്നോട്ടുവരികയാണെങ്കിൽ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഗവൺമെൻറ് തയ്യാറാണ്.

ശ്രീ. ആർ. സുന്ദരേശൻനായർ: ഇന്നുള്ള ഔഷധബാങ്കും ഗവൺമെൻറ് തുടങ്ങാൻ ആഗ്രഹിക്കുന്ന ഔഷധബാങ്കും എല്ലാം ജില്ലാ ഹെഡ്കാർട്ടേഴ്സിൽ വേണമെന്ന ആഗ്രഹമാണ് ഗവൺമെൻറിനുള്ളത്. 20 ശതമാനം ജനങ്ങൾക്കാണ് ആശുപത്രിയിൽ പ്രയോജനം ഉണ്ടാകുന്നത്. 80 ശതമാനം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നില്ല. ഇനി തുടങ്ങാൻ ആഗ്രഹിക്കുന്ന ഔഷധബാങ്കുകളുടെ പ്രയോജനം പിന്നോക്കപ്രദേശങ്ങളിലുള്ള ആളുകൾക്ക് ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ശതമാനം നോക്കിയിട്ടല്ല തുടങ്ങുന്നത്. ജില്ലാബാങ്ക് എന്ന് പറയുന്നത് ജില്ലയിലെ മുഴുവൻ ആളുകളുടേയും താല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ബാങ്ക് ആണ്. കേരള മെഡിക്കൽ അസോസിയേഷന്റെ സ്കീം അനുസരിച്ച് സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ട് അവരാണ് ഇതിനുവേണ്ടി മരുന്ന് സംഭരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ആഫീസേഴ്സിനു സാമ്പിളായി കമ്പനിയിൽനിന്നു സൗജന്യമായി കിട്ടുന്ന മരുന്നും ബാങ്കു മുഖേന കൊടുക്കുന്ന സംവിധാനമാണുള്ളത്.

ശ്രീ. ആർ. സുന്ദരേശൻനായർ: ജില്ലാ ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ ചികിൽസക്കു വരുന്ന ആളുകൾക്കുമാത്രമേ പ്രയോജനം ലഭിക്കുന്നുള്ളു. റൂറൽ പ്രദേശങ്ങളിൽ ഫാമിലി വെൽഫയർ സെന്ററുകളിൽ ആവശ്യമായ മരുന്നു നേരിട്ടും ബാങ്കിൽനിന്നും കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ജില്ലാ ആശുപത്രികളിൽവരുന്ന രോഗികൾ പട്ടണത്തിൽനിന്നും നാട്ടിൻപുറത്തുനിന്നും വരുന്ന ആളുകളാണ്. അവർക്കു അതിന്റെ പ്രയോജനം കിട്ടുന്നുണ്ട്. ജില്ലാ ആശുപത്രിയിൽ തന്നെ ആവശ്യമായി കൊടുക്കാനില്ല. പിന്നെ നാട്ടിൻപുറത്ത് കൊടുക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണ്. മരുന്നു സംഭരിച്ചു കൊടുക്കുകയാണെങ്കിൽ ഗവൺമെന്റിനു വിരോധമില്ല.

ശ്രീ. എ.എ. റഹീം: ചില സ്ഥലങ്ങളിൽ റോട്ടറിക്ലബ്ബ് പോലെയുള്ള സ്ഥാപനങ്ങൾ പേവാർഡ് കെട്ടികൊടുത്തതിന്റെ ആദായം ഉപയോഗിച്ചു സാധുക്കൾക്ക് മരുന്നു വാങ്ങിച്ചു കൊടുക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും നല്ലൊരുതുക ഗവൺമെന്റിനു കിട്ടിയിട്ടും ആ തുക ഉപയോഗിച്ചു ഔഷധസഹായം ചെയ്തു കൊടുക്കാത്തതിനെപ്പറ്റി അന്വേഷിക്കുമോ? ആ തുക ഉപയോഗിച്ചു ഔഷധസഹായം നൽകുന്നതിനു തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ചില സ്ഥലങ്ങളിൽ കൊടുക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. തൃശ്ശൂർ റോട്ടറിക്ലബ്ബുകാർ കെട്ടികൊടുത്ത പേവാർഡിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു മരുന്നു വാങ്ങികൊടുക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. ഇല്ലാത്തസ്ഥലങ്ങളുണ്ടോ എന്നന്വേഷിക്കാം.

ശ്രീ. ഒ. ലൂക്കോസ്: ഔഷധബാങ്കിന്റെ പ്രവർത്തനം എങ്ങനെയാണെന്നു വിശദീകരിക്കാമോ? സാധാരണ ബാങ്കിനുള്ളതുപോലെ ഡെപ്പോസിറ്റ് ചെയ്യുകയും പിൻവലിക്കുകയും ചെയ്യുന്ന പരിപാടി ഉണ്ടോ? ആ ബാങ്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു യാതൊരു വിവരവുമില്ലാത്ത കടുത്തുരുത്തിപ്രദേശത്ത് ഒരു ബാങ്ക് ആരംഭിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചു കേരള മെഡിക്കൽ ആഫീസേഴ്സ് അസോസിയേഷന്റെ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളും ഈ ആക്ട് അനുസരിച്ചു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ഗവേണിങ്ബോഡിയാണ് മരുന്നു സംഭരിക്കുന്നതും കൊടുക്കണമെന്നു നിശ്ചയിക്കുന്നതും. അസോസിയേഷന്റെ ബൈലോ അനുസരിച്ചു അതാതു റിസ്ട്രിക്ടിലുള്ള സംഘടനയുടെ യൂണിറ്റിന്റെ എക്സിക്യൂട്ടീവിനെയാണ് ഗവേണിങ് ബോഡി ആയിട്ട് നിശ്ചയിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ ആശുപത്രികളിൽ മരുന്നിന്റെ ബുദ്ധിമുട്ട് വലുതാണെന്നു അംഗീകരിക്കുന്നുണ്ട്. ആ പരിതഃസ്ഥിതിയിൽ ഗ്രാമീണ ഡിസ്പെൻസറികളിലും താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഹെഡ്കപാർട്ടേഴ്സിലും ഫണ്ടുള്ള മുനിസിപ്പാലിറ്റിയും പഞ്ചായത്തും മരുന്നുവാങ്ങിച്ച് കൊടുക്കുന്നതിന് ഒരു വിഹിതം കൊടുക്കണമെന്ന് ഗവൺമെൻറിന് ഉത്തരവ് കൊടുത്തുകൂടേ?

ശ്രീ. കെ.പി. പ്രഭാകരൻ: പല സ്ഥലങ്ങളിലേയും പഞ്ചായത്തുകളും ഗവൺമെൻറ് അനുവദിക്കുകയാണെങ്കിൽ മരുന്ന് വാങ്ങിച്ചുതരാൻ തയ്യാറാണെന്ന് അറിയിക്കുന്നുണ്ട്. ഇതിൽ തീരുമാനം എടുക്കേണ്ടത് ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പാണ്. വകുപ്പുമന്ത്രി അത് തീരുമാനിക്കുകയാണെങ്കിൽ നല്ല കാര്യമാണ്.

(543 ഉം 544 ഉം ചോദ്യങ്ങൾ ചോദിച്ചില്ല).

ഫാമിംഗ് കോർപ്പറേഷന്റെ അധീനതയിലുള്ള കൃഷിക്കുപയോഗപ്പെടുത്താത്ത ഭൂമി

* 508 [545] ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. പി. ശങ്കർ:
,, എം.കെ. കേശവൻ:
,, ഇ.പി. ഗോപാലൻ:
,, ഇ.കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിംഗ് കോർപ്പറേഷന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്;

(സി) കശുമാവിൻ തൈ വച്ചു പിടിപ്പിച്ചിട്ടുള്ള ഭാഗങ്ങളിൽ ഇടക്കാടുവെട്ടാത്തതുമൂലം തൈകൾക്കു വേണ്ടത്ര വളർച്ചയില്ലാ എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) കോർപ്പറേഷന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയും കൃഷിക്ക് അനുയോജ്യമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ശങ്കർ: അതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ വല്ല പദ്ധതിയും ഇപ്പോൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അങ്ങനെ കൃഷി ചെയ്യാതിരിക്കുന്നത് കുറേ ഭൂമി അതിന് അനുയോജ്യമല്ലാത്തതുകൊണ്ടും കുറേ ഭൂമി കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പൂർത്തീകരണത്തോടുകൂടി വെള്ളത്തിനടിയിൽ മുങ്ങിപ്പോകാൻ ഇടയുള്ളതുകൊണ്ടുമാണ്. ബാക്കിയുള്ള സ്ഥലത്ത് കൃഷിചെയ്യുന്നതിനുള്ള പദ്ധതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly